## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3945 — 27.06.2012-ൽ മറുപടിയ്ക്ക്

### ഫാർമസിസ്റ്റ് ഗ്രേഡ് II - ന്റെ പി. എസ്.സി. റാങ്ക് ഹോൾഡേഴ്സ് അസോസിയേഷന്റെ നിവേദനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി ജമീലാ പ്രകാശം | | ശ്രീ. വി. എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ഫാർമസിസ്റ്റ് ഗ്രേഡ് II - ന്റെ പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ നിവേദനം നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത നിവേദനത്തിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ കൂടുതൽ ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു. |
| (സി) | ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ? | (സി) | ആരോഗ്യ വകുപ്പിനു കീഴിലുള്ള വിവിധ സർക്കാർ ആശുപത്രികളിൽ പുതിയതായി ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച് ആരോഗ്യ വകുപ്പു ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിൽ അത്യാവശ്യം വേണ്ട വിവരങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല. ധനകാര്യ വകുപ്പിന്റെ നിർദ്ദേശപ്രകാരം ടി വിവരങ്ങൾ ലഭ്യമാക്കുവാൻ 8/05/2012 - ലെ കത്തിലൂടെ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ